# പൂർവമീമാംസ

*എൻ. വി. കൃഷ്ണവാരിയർ*

സത്യത്തെ സാക്ഷാത്ക്കരിക്കുന്നതിനു ഭാരതീയർ പിൻതുടർന്നുവന്ന ചിന്താപദ്ധതികളെയാണ് 'ദർശനങ്ങൾ' എന്നു പറയുന്നത്. പന്ത്രണ്ടു ദർശനങ്ങളെപ്പററി സംസ്കൃതഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നുണ്ട്. ഇവയിൽ സാംഖ്യം, യോഗം, ന്യായം, വൈശേഷികം, പൂർവ്വമീമാംസ, ഉത്തരമീമാംസ എന്നീ ആറു ദർശനങ്ങൾ ഹൈന്ദവങ്ങളാകുന്നു. വേദപ്രാമാണ്യത്തെ അംഗീകരിക്കുന്നവ ആകയാൽ ഇവയെ ആസ്തികദർശനങ്ങൾ എന്നുകൂടി പറയാറുണ്ട്. ഇവയുടെ പുറമെയാണ് നാലുതരം ബൗദ്ധദർശനങ്ങളും ജൈനദർശനവും ചാർവ്വാകദർശനവും. വേദപ്രാമാണ്യത്തെ നിഷേധിക്കുന്നവയായ ഈ ആറു ദർശനങ്ങളെ നാസ്തികദർശനങ്ങളെന്ന് വിളിക്കുന്നു. ആറ് ആസ്തികദർശനങ്ങളും, ആറ് നാസ്തികദർശനങ്ങളുമുൾപ്പെടെ പന്ത്രണ്ടു ചിന്താപദ്ധതികൾ ചേർന്നതാണ് ഭാരതീയദർശനം.

ആസ്തികദർശനങ്ങളിൽത്തന്നെ വേദവുമായി അടുത്ത ബന്ധമുള്ളവ പൂർവ്വമീമാംസയും ഉത്തരമീമാംസയും മാത്രമാകുന്നു. മററുദർശനങ്ങൾ തത്ത്വനിർണയത്തിൽ പ്രത്യക്ഷാനുമാനങ്ങളെയാണ് പ്രധാനമായി ആശ്രയിക്കുന്നത്. പൂർവ്വമീമാംസയും ഉത്തരമീമാംസയുമാകട്ടെ, വേദത്തെ എല്ലാ അറിവുകളുടേയും ഉറവിടമായി സ്വീകരിക്കുന്നു. 'മീമാംസ' എന്ന് ഇവയ്ക്കു പേരുവരുവാനുള്ള കാരണവും ഇതുതന്നെ. 'വിചാരം' എന്നുമാത്രമാണ് ആ പദത്തിന്റെ ആന്തരാർത്ഥം. എങ്കിലും വേദത്തിന്റെ താൽപര്യനിർണ്ണയം സംബന്ധിച്ച വിചാരം എന്ന പ്രത്യേകാർത്ഥത്തിലാണ് ഇവിടെ മീമാംസയെന്ന പദം ഉപയോഗിക്കപ്പെടുന്നത്. മന്ത്രം, ബ്രാഹ്മണം, എന്ന് പൊതുവെ രണ്ടായി വിഭജിക്കപ്പെട്ട ബൃഹത്തായ ഗ്രന്ഥരാശിയത്രേ വേദം. ആരണ്യകങ്ങളും, അവയുടെ ഭാഗമായി കരുതപ്പെടുന്ന ഉപനിഷത്തുക്കളും രണ്ടാമത്തെ വിഭാഗത്തിൽത്തന്നെ പെടുന്നവയാണ്. എങ്കിലും ബ്രാഹ്മണങ്ങളുടെ പ്രധാനപ്രതിപാദ്യം യാഗാദികർമ്മങ്ങളത്രേ. ഈ കർമ്മങ്ങളെ സംബന്ധിച്ച വിചാരമാകയാൽ പൂർവമീമാംസയ്ക്ക് 'കർമ്മമീമാംസ' എന്നുകൂടി പേരുണ്ട്. 'ഉത്തരമീമാംസ' എന്നു വിളിയ്ക്കപ്പെടുന്ന വേദാന്തമാകട്ടെ പ്രധാനമായും ഉപനിഷത്തുകളുടെ താത്പര്യനിർണ്ണയത്തിൽ വ്യാപ്തമായിരിക്കുന്നു.

ദർശനങ്ങളുടെ മൗലികഗ്രന്ഥങ്ങൾ പ്രായേണ സൂത്രരൂപത്തിലാണ് നമുക്കു കൈവന്നിട്ടുള്ളത്. പന്ത്രണ്ട് അദ്ധ്യായങ്ങളുള്ളതിനാൽ 'ദ്വാദശലക്ഷണി' എന്നുകൂടി വിളിക്കപ്പെടുന്ന പൂർവമീമാംസാസൂത്രങ്ങളുടെ കർത്താവ് ജൈമിനിയാകുന്നു. ജൈമിനി

മഹർഷിവ്യാസന്റെ ശിഷ്യനായിരുന്നു എന്നു മഹാഭാരതത്തിൽ പ്രസ്താവമുണ്ട്. ബാദരായണൻ, ബാദരി എന്ന പേരുകൾ പൂർവമീമാംസസൂത്രങ്ങളിൽ വരുന്നുണ്ട്. വ്യാസന്റെ പര്യായങ്ങളായി പ്രയോഗിക്കപ്പെടുന്നവയാണല്ലോ ഈ പദങ്ങൾ. ബാദരായണകൃതമായ, ബ്രഹ്മസൂത്രങ്ങൾ എന്നു കൂടി വിളിക്കപ്പെടുന്ന ഉത്തരമീമാംസാസൂത്രങ്ങളിൽ ജൈമിനിയുടെ പേർ പ്രസ്താവിച്ചിട്ടുണ്ട്. വ്യത്യസ്ഥ ചിന്താഗതികളുള്ള ഈ രണ്ടാചാര്യൻമാരും പരസ്പരം ബഹുമാനിച്ചിരുന്നതായി ഇതിൽനിന്നു ഗ്രഹിക്കാം. ജൈമിനിയുടെ ജീവിതത്തെപ്പററി കാര്യമായ വിവരങ്ങളൊന്നും നമുക്കില്ല. അദ്ദേഹത്തിന്റെ മരണം ഒരു ആന ചവിട്ടിയതുമൂലമാണു സംഭവിച്ചതെന്ന്. 'മീമാംസാകൃതമുൻമമാഥ തരസാ ഹസ്തീ മുനിം ജൈമിനിം' എന്ന പഞ്ചതന്ത്രപ്രസ്താവനയിൽനിന്ന് മനസ്സിലാകുന്നു.

'അഥാതോ, ധർമ്മജിജ്ഞാസാ' എന്നാണ് ദ്വാദശലക്ഷണിയിലെ ആദ്യത്തെ സൂത്രം. ഇതിൽനിന്ന് ധർമ്മമാണ് പൂർവമീമാംസയുടെ വിഷയമെന്നു സിദ്ധിയ്ക്കുന്നു. 'ചോദനാലക്ഷണോർത്ഥോധർമ്മഃ' എന്ന രണ്ടാമത്തെ സൂത്രം ധർമ്മത്തിന്റെ സ്വരൂപത്തെ നിർവചിക്കുന്നു. എന്തു ചെയ്യണമെന്നു വേദം അനുശാസിക്കുന്നുവോ അതത്രെ ധർമ്മം. നിത്യം, നൈമിത്തികം, കാമ്യം എന്ന് മൂന്നുതരത്തിലുള്ള കർമ്മങ്ങൾ ചെയ്യണമെന്നത്രേ വേദം അനുശാസിക്കുന്നത്. ബ്രാഹ്മണക്ഷത്രിയവൈശ്യരാകുന്ന ത്രൈവർണികൻമാർ ദിവസേന ചെയ്യേണ്ട സന്ധ്യാവന്ദനാദികളാണ് നിത്യകർമ്മങ്ങൾ. വാവ് മുതലായ വിശേഷാവസരങ്ങളിൽ, എ[illegible]ിലും പ്രത്യേക കാരണവശാൽ, ചെയ്യേണ്ടിവരുന്ന കർമ്മങ്ങളെ നൈമിത്തികകർമ്മങ്ങളെന്നു പറയുന്നു. സ്വർഗ്ഗാദിഫലങ്ങളുദ്ദേശിച്ചു ചെയ്യുന്ന സോമയാഗം മുതലായവയാണ് കാമ്യകർമ്മങ്ങൾ. ധർമ്മം എന്നാൽ ഈ മൂന്നുവിധം കർമ്മങ്ങളത്രേ. ഇവയിൽ നിത്യനൈമിത്തികകർമ്മങ്ങൾ അനുഷ്ഠിക്കാതിരുന്നാൽ പാപം ഉണ്ടാകും. ഈ പാപം പരിഹരിക്കുകയും, ആത്മശുദ്ധി വരുത്തുകയുമാണ് ആ കർമ്മങ്ങളുടെ അനുഷ്ഠാനത്തിന്റെ ഫലം. കൂടുതൽ സങ്കീർണ്ണങ്ങളും ദീർഘ കാലവ്യാപികളുമാണ് യാഗാദികളായ കാമ്യകർമ്മങ്ങൾ. ഒരേ യാഗത്തിൽത്തന്നെ പല ക്രിയകളും ചെയ്യേണ്ടവയുണ്ടായിരിക്കും. ഈ ക്രിയകളിൽ ഏത് അംഗം, ഏത് അംഗി എന്നുനിർണ്ണയിക്കുക, അവയുടെ പൌർവാപര്യം വ്യവസ്ഥപ്പെടുത്തുക മുതലായവയാണ് പൂർവമീമാംസയുടെ പ്രായോഗിക പ്രയോജനം. എന്നാൽ അതിൽ കവിഞ്ഞ്, തത്വചിന്തയ്ക്കു പൊതുവേ പ്രധാനങ്ങളായ പല സംഭാവനകളും പൂർവമീമാംസാ ശാസ്ത്രം നൽകിയിട്ടുണ്ട്.

വേദം ഈശ്വരനുണ്ടാക്കിയതാണെന്നാണ് ന്യായവൈശേഷികാദി ദർശനങ്ങളുടെ കർത്താക്കൾ വിശ്വസിച്ചിരുന്നത്. എന്നാൽ അനാദികളായ വേദങ്ങളുടെ കർത്തൃത്വം ഈശ്വരനുപോലുമില്ലെന്ന് മീമാംസകൻമാർ പ്രഖ്യാപിക്കുന്നു. വേദങ്ങളുടെ അപൌരുഷേയത്വസ്ഥാപനം പൂർവ്വമീമാംസയിലെ ഒരു മുഖ്യവിഷയമാണ്. യഥാർത്ഥജ്ഞാനത്തിന്റെ മറെറാരു പേരാണ് 'പ്രമ' എന്നത്. പ്രമയുണ്ടാക്കുന്നത് പ്രമാണം. യഥാർത്ഥജ്ഞാനം പഞ്ചേന്ദ്രിയങ്ങളിൽക്കൂടിയുണ്ടാവാം. അപ്പോഴത് പ്രത്യക്ഷജ്ഞാനം എന്നു പറയപ്പെടുന്നു. ആ ജ്ഞാനത്തെ ഉളവാക്കുന്ന പഞ്ചേന്ദ്രിയങ്ങളെ പ്രത്യക്ഷപ്രമാണം എന്നു വിളിക്കുന്നു. പ്രത്യക്ഷപ്രമാണം പോലെ അനുമാനം, ഉപമാനം, ശബ്ദം അർത്ഥാപത്തി, അനുപലബ്ധി എന്നിങ്ങനെ വേറെയുമുണ്ട് അഞ്ചുപ്രമാണങ്ങൾ. ഇവയിൽ ശബ്ദപ്രമാണം വേദമത്രെ. എല്ലാ പ്രമാണങ്ങളുടെയും പ്രാമാണ്യം സ്വതസ്സിദ്ധമാകുന്നു എന്നതാണ് മീമാംസശാസ്ത്രത്തിലെ ഒരു പ്രധാന സിദ്ധാന്തം. അതിനാൽ വേദം പ്രമാണമാണ് എന്നതിന് വേറെ തെളിവ് ആവശ്യമില്ല. സാധാരണ ആളുകളുടെ സംസാരത്തിൽ വക്താവിന്റെ രാഗദ്വേഷാദികളാലും അയാൾ ജ്ഞാനം നേടുവാനുപയോഗപ്പെടുത്തിയ ഉപകരണങ്ങളുടെ അപൂർണ്ണതയാലും, അപ്രാമാണ്യം സംഭാവ്യമാണ്. പിന്നീട് ശരിയായ ജ്ഞാനമുണ്ടാവുമ്പോൾ ഈ തെററ് തിരുത്തപ്പെടുകയും ചെയ്യും. എന്നാൽ വേദത്തിൽ ഇങ്ങനെ അപ്രാമാണ്യം സംഭവിക്കുകയില്ല. കാരണം, പ്രപഞ്ചത്തിന്റെ യാഥാർത്ഥ്യത്തെ പ്രതിപാദിക്കുന്ന വേദവാക്യങ്ങൾ ഏതെങ്കിലും ഒരു വ്യക്തി പറഞ്ഞവയല്ലാത്തതിനാൽ, രാഗദ്വേഷാദിവൈകല്യങ്ങൾ അവയ്ക്കു സാധകമാവുക വഴിയില്ല. അതാതുകാലത്ത് ശിഷ്ടൻമാരായ ആളുകൾ വേദപ്രാമാണ്യമില്ലാതെതന്നെ എന്തെങ്കിലും സൽകർമ്മങ്ങൾ അനുഷ്ഠിക്കുന്നുവെങ്കിൽ അവയ്ക്കു നഷ്ടപ്പെട്ടുപോയ വേദഭാഗങ്ങൾ പ്രമാണമാണെന്ന് മീമാംസകൻമാർ കരുതുന്നു. ചുരുക്കത്തിൽ, വേദവിഹിതമല്ലാത്ത സൽക്കർമ്മമോ വേദനിഷിദ്ധമല്ലാത്ത ദുഷ്കർമ്മമോ ഇല്ലതന്നെ.

യാഗത്തിന്റെ ഫലമായി കൈവന്ന സ്വർഗ്ഗം എന്താണ്? ദുഃഖകലർപ്പില്ലാത്തതും, പിന്നീട് നശിക്കാത്തതും, ആഗ്രഹംകൊണ്ടു കൈവരുന്നതുമായ സുഖമത്രേ സ്വർഗ്ഗം. ഈ സ്വർഗ്ഗം മരണത്തിനുശേഷം മാത്രം ലഭിക്കാവുന്നതാണ്. ഇപ്പോൾ ചെയ്യുന്ന കർമ്മം മരണത്തിനുശേഷം സ്വർഗ്ഗത്തെ ഉൽപാദിപ്പിക്കുന്നതെങ്ങിനെ എന്ന ചോദ്യം ഈ ഘട്ടത്തിൽ പൊന്തിവരുന്നു. കർമ്മം ആത്മാവിൽ അപൂർവ്വം എന്ന ഒന്ന് ഉല്പാദിപ്പിക്കുന്നു എന്നും, ഈ അപൂർവം പിന്നീടു സ്വർഗ്ഗാദി ഫലങ്ങൾക്കു കാരണമായിത്തീരുന്നു എന്നുമാണ് മീമാംസകൻ ഇതിനു പറയുന്ന ഉത്തരം. അപൂർവം തന്നെ പല തരത്തിലുണ്ട്. ഒരു മഹാ യാഗത്തിന്റെ ഘടകങ്ങളായി പലതരം കർമ്മങ്ങളുള്ളതിൽ ഓരോന്നും ആത്മാവിലുളവാക്കുന്ന അപൂർവം അംശാപൂർവമത്രേ. ഉൽപത്ത്യപൂർവം, ഫലാപൂർവം, പരമാപൂർവം എന്നിങ്ങനെ വേറെയും അപൂർവങ്ങളുണ്ട്.

കർമ്മങ്ങൾ അപൂർവം ജനിപ്പിക്കുന്നതേതിലോ, ആ ആത്മാവിന്റെ സ്വരൂപമെന്താണ്? മീമാംസകൻമാർ ഈ വിഷയത്തെപ്പററി അധികം ചിന്തിച്ചിട്ടില്ല. നൈയായികൻമാരും മററും നിർവചിച്ച തരത്തിലുള്ള ജീവാത്മാവിന്റെ സ്വരൂപത്തെത്തന്നെ പിൽക്കാലത്ത് മീമാംസകൻമാരും സ്വീകരിക്കുകയാണ് ചെയ്തത്.

ദേവതകളെ ഉദ്ദേശിച്ച് ഹവിസ്സ് മുതലായ അഗ്നിയിലും മററും പ്രക്ഷേപിക്കുന്നതാണല്ലോ യാഗം. ഈ ദേവതകളുടെ സ്വരൂപം എന്താണ്? ഇവർക്കു പരസ്പരം ബന്ധമുണ്ടോ? ഇവർക്കുപരിയായി 'നിത്യോനിത്യാനാം ചേതനശ്ചേതനാനാം' എന്നൊക്കെ ഉപനിഷത്തുകൾ വിവരിക്കുന്ന രീതിയിൽ സർവജ്ഞനും സർവാന്തര്യാമിയുമായ ഒരു പരമേശ്വരനുണ്ടോ? ഈ വ

കക്കാര്യങ്ങളിൽ പ്രാചീനമീമാംസകന്മാർ വലിയ വെളിച്ചമൊന്നും ചൊരിയുന്നില്ല. അവരുടെ അഭിപ്രായത്തിൽ ദേവതകൾ മന്ത്രങ്ങളിൽനിന്ന് വ്യതിരിക്തകളല്ല. ഗായത്രിമന്ത്രവും സൂര്യദേവതയും ഒന്നുതന്നെ എന്നർത്ഥം പരമേശ്വരനേയോ പരമാത്മാവിനേയോ പററി ചിന്തിക്കേണ്ടആവശ്യംതന്നെ അവർ കണ്ടില്ല. കാരണം ശ്രദ്ധയോടുകൂടെ * ദൈവികകർമ്മങ്ങളനുഷ്ഠിച്ചാൽ, എല്ലാ നൻമയും കൈവരുമെന്നിരിക്കെ ആർക്കും തീർച്ചയില്ലാത്ത ഈശ്വരന്റെ തത്വത്തെപ്പററി എന്തിനു ചർച്ചചെയ്യണം? ജൈമിനി, ശബരസ്വാമി, കുമാരിലൻ മുതലായ പ്രാചീനൻമാർ ഈശ്വരനെപ്പററി തികച്ചും മൌനം കൈക്കൊള്ളുന്നതിനു കാരണം ഇതാണ്. എന്നാൽ പിൽക്കാലത്തുള്ള മീമാംസകന്മാർ ഈശ്വരനെ സ്വീകരിച്ചു. ഈശ്വരാർപ്പണമായി ചെയ്യുന്ന കർമ്മമാണ് ഏററവും ഉൽകൃഷ്ടമെന്ന് ആപദേവൻ പ്രസ്താവിക്കുന്നു. ചില മീമാംസകന്മാർ വേദാന്തദർശനത്തിലെ മായാവാദത്തെക്കൂടി അംഗീകരിച്ചിട്ടുണ്ട്

സംസാരം നിത്യമാണെന്നും, ഒരു മഹാ പ്രളയംകൊണ്ട് അതു നശിച്ചുപോവുകയില്ലെന്നും മീമാംസകൻമാർ കരുതുന്നു. ജ്ഞാനം ഒരിക്കലും മോക്ഷകാരണമാവില്ല. സന്യാസം വിഹിതവുമല്ല എന്ന് അവർ ശഠിക്കുന്നുമുണ്ട്

വാക്കുകളിൽനിന്ന് അർത്ഥബോധം എങ്ങിനെ ഉണ്ടാവുന്നു എന്നതു സംബന്ധിച്ച് മീമാംസകൻമാർ ഗാഢമായി ചിന്തിച്ചിരിക്കുന്നു. അവരുടെ അഭിപ്രായത്തിൽ എല്ലാ വാക്യങ്ങളും ഒന്നുകിൽ വിധായകങ്ങളാണ്; അല്ലെങ്കിൽ നിഷേധകങ്ങളാണ്. ഈ രണ്ട വിധത്തിലുമല്ലാതെയുള്ള വസ്തുസ്ഥിതിക്കു വിധായകമോ നിഷേധകമോ ആയ ഏതെങ്കിലും വാക്യത്തോട് ഏകവാക്യത കല്പിച്ച് അർത്ഥം പറയേണ്ടിയിരിക്കുന്നു. പലപ്പോഴും വാക്യങ്ങൾ, വേദവാക്യങ്ങളുൾപ്പെടെ, അർത്ഥവാദങ്ങളാകാറുണ്ട്. സ്തുതി, നിന്ദ എന്നിവ ദ്യോതിപ്പിക്കാനുള്ള കെട്ടുകഥകളത്രേ അർത്ഥവാദങ്ങൾ. 'അവൻ കരഞ്ഞു, അതിനാലവൻ രുദ്രനായി' എന്നർത്ഥത്തിലൊരു വേദമന്ത്രമുണ്ട്, ബർഹിസ് എന്ന യാഗത്തിൽ ദക്ഷിണയായി വെള്ളി കൊടുക്കരുത് എന്നു മാത്രമാണിതിന്റെ താല്പര്യം. 'കല്ലു വെള്ളത്തിൽ പൊന്തിക്കിടക്കുന്നു' എന്ന അർത്ഥത്തിലുള്ള വേദവാക്യത്തിന്റെ പ്രമാണവും ഇങ്ങനെ വ്യാഖ്യാനിച്ചു സാധിക്കേണ്ടതത്രേ. പ്രാചീന ഗ്രന്ഥങ്ങളിൽ അർത്ഥസന്ദേഹം വരുന്ന ഇടങ്ങളിൽ താൽപര്യ നിർണ്ണയം ചെയ്യേണ്ടതെങ്ങിനെ എന്നതു സംബന്ധിച്ച വിചാരം പൂർവമീമാംസ തത്വചിന്തയ്ക്കു നൽകിയ മറെറാരു പ്രധാന സംഭാവനയാകുന്നു,

പന്ത്രണ്ടദ്ധ്യായങ്ങളുള്ള ജൈമിനീയ സൂത്രങ്ങളാണ് മീമാംസാശാസ്ത്രത്തിന്റെ ആധാരഗ്രന്ഥമെന്ന് ആദ്യം തന്നെ പ്രസ്താവിച്ചുവല്ലൊ. ഈ സൂത്രങ്ങൾക്ക് ശബരസ്വാമി വിസ്തൃതമായ ഒരു ഭാഷ്യം എഴുതിയിട്ടുണ്ട്. ശബരഭാഷ്യത്തിനു ശങ്കരാചാര്യ സമകാലികനായിരുന്ന കുമാരിലഭട്ടർ വിസ്തരിച്ച് ഒരു വാർത്തികം എഴുതിയിരുന്നു. ഇതിൽ ഒന്നാം അദ്ധ്യായത്തിൽ ഒന്നാം പാദത്തിന്റെ വാർത്തികം ശ്ലോകരൂപത്തിലാകുന്നു. അതിനാൽ 'ശ്ലോകവാർത്തികം' എന്ന പേരിലാണ് അറിയപ്പെടുന്നത്, രണ്ടാംപാദം മുതൽ മൂന്നാം അദ്ധ്യായം കഴിയുംവരെയുള്ള ഗ്രന്ഥഭാഗത്തെ 'തന്ത്രവാർത്തികം' എന്നുപറയുന്നു നാലുമുതൽ പന്ത്രണ്ടുവരെ അദ്ധ്യായങ്ങളുടെ വാർത്തികം ഏററവും സംക്ഷിപ്തമാണ് ഈ ഭാഗത്തിന് ടുപ്പടീക എന്നു പേര് ഈ മൂന്നു ഗ്രന്ഥങ്ങളും ഭാട്ടമതം എന്ന പ്രസ്ഥാനത്തിനും കാരണമായി.

മിയ്ക്കവാറും കുമാരിലന്റെ സമകാലികനായിരുന്ന പ്രഭാകരൻ ശാബര ഭാഷ്യത്തിന് ബൃഹതി, ലഘ്വി എന്നു രണ്ടു വ്യഖ്യാനങ്ങൾ എഴുതി. ഇവയ്ക്ക് ചില വ്യാഖ്യാനങ്ങളുണ്ടായി ഈ ഗ്രന്ഥങ്ങളെല്ലാം അടങ്ങിയതാണ് പ്രാഭാകരം അഥവാ ഗുരുമതം. ഗുരുമതത്തിന് പിൽക്കാലത്ത് പ്രചാരം വളരെ കുറഞ്ഞുപോയി ശ്ലോകവാർത്തികത്തിന് ന്യായരത്നാകരം എന്ന വ്യാഖ്യാനവും, ശാസ്ത്രദീപിക എന്ന പ്രകരണഗ്രന്ഥവുമെഴുതിയ പാർത്ഥസാരഥിമിശ്രൻ, ജൈമിനീയ ന്യായരത്നമാല എഴുതിയ മാധവാചര്യൻ, ഭാട്ടദീപിക എന്ന പ്രകരണഗ്രന്ഥം രചിച്ച ഖണ്ഡദേവൻ, ന്യായപ്രകാശം എഴുതിയ ആപദേവൻ മുതലായവരാണ് പ്രശസ്തരായ നവമീമാംസകൻമാർ

കേരളം ഒരു കാലത്ത് പൂർവമീമാംസാപാണ്ഡിത്യത്തിന് വിശ്രുതമായിരുന്നു. ഇടയ്ക്കുവച്ച് മീമാംസാപഠന സമ്പ്രദായം ഇവിടെ ക്ഷയിച്ചുപോയെങ്കിലും വടക്കൻ കോട്ടയത്തെ രാജാക്കൻമാർ അത് പുനരുദ്ധരിച്ചു എന്ന് ഉദ്ദണ്ഡശാസ്ത്രികൾ പ്രസ്താവിച്ചിട്ടുണ്ട്. പയ്യൂർപട്ടേരിമാർ മീമാംസാദ്വയ കുലഗുരുക്കളായിരുന്നു എന്നും ഉദ്ദണ്ഡൻതന്നെ പറയുകയുണ്ടായിട്ടുണ്ട്. സുപ്രസിദ്ധനായ മേല്പത്തൂർ നാരായണഭട്ടതിരി സ്വന്തം അച്ഛനിൽനിന്ന് പൂർവമീമാംസ പഠിക്കുകയും മാനമേയോദയം എന്ന മീമാംസാഗ്രന്ഥത്തിന്റെ പൂർവഭാഗം നിർമ്മിക്കുകയും ചെയ്തു. അപൂർണ്ണമായ ഈ ഗ്രന്ഥത്തെ ഒരു നാരായണപണ്ഡിതൻ പിൽക്കാലത്തു പൂരിപ്പിക്കുകയുണ്ടായി. പ്രഭാകരൻതന്നെ കേരളീയനായിരുന്നുവെന്നു വിശ്വസിക്കപ്പെടുന്നു. ഇതെല്ലാം പൂർവമീമാംസാശാസ്ത്രത്തിന് കേരളത്തിലുണ്ടായിട്ടുള്ള സർവാദൃതമായ സ്ഥാനത്തിന് സാക്ഷ്യം വഹിക്കുന്നു. ഈ പാണ്ഡിത്യപാരമ്പര്യം ഇന്ന് കുററിയററുപോയിരുക്കുന്നു കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലാകെത്തന്നെ പൂർവമീമാംസാശാസ്ത്രത്തിന് ഇന്നു വരെയൊന്നും പ്രചാരമില്ല ഉത്തരമീമാംസയ്ക്കു, പ്രത്യേകിച്ച് ശാങ്കരാദ്വൈതത്തിനു, ലഭിച്ച സർവമാന്യത ഇനി പൂർവമീമാംസയ്ക്കു ലഭ്യമാകുമെന്ന് കരുതാനും വഴിയില്ല യാഗാദികൾ വഴിക്ക് മരണാനന്തരം സ്വർഗ്ഗം നേടുകയെന്ന ലക്ഷ്യത്തെ നാം മിക്കവാറും കൈവിടുകയും നിർമ്മാണപ്രക്രിയകളിലൂടെ ഇഹലോകത്തിൽ സ്വർഗ്ഗം സ്ഥാപിക്കുവാൻ ഉറച്ചിറങ്ങുകയും ചെയ്തിരിക്കുകയാണല്ലോ. എങ്കിലും, ബുദ്ധിവൈശദ്യത്തിന് ഉപകരിക്കുന്ന ഒരു ചിന്താപദ്ധതിയെന്ന നിലയിലും പ്രാചീനഭാരതീയ സംസ്കാരത്തിന്റെ ഒരുത്തമദർപ്പണമെന്ന നിലയിലും പൂർവമീമാംസ എന്നും അനുവാചകരെ ആകർഷിക്കാതിരിക്കില്ല.

○

തായും പിള്ളയുമായാലും
വായും വയറും വെവ്വേറെ